(എഫ്) 9507 ആൾക്കാരുടെ പേരിൽ ഇൻഡ്യൻ ശിക്ഷാനിയമം 143 147, 149, 293, 341, 332 എന്നീ വകുപ്പുകൾ പ്രകാരവും കേരളാ പ്രിവൻഷൻ ഓഫ് പബ്ലിക് മീറ്റിംഗ് ആക്റ്റ് പ്രകാരവും കേസെടുത്തിട്ടുണ്ട്. കൂടാതെ 1611 ആൾക്കാരുടെ പേരിൽ കേരളാ പോലീസ് ആക്റ്റ് പ്രകാരവും കേസെടുത്തു.

(ജി) വെടിവയ്പിൽ ഒരാൾ മരിക്കുകയും ഏഴുപേർക്ക് പരിക്കേൽക്കുകയും ചെയ്തു.

അപകടമരണം സംഭവിച്ച മൽസ്യത്തൊഴിലാളിയുടെ ആശ്രിതർക്കുള്ള ആനുകൂല്യങ്ങൾ

* 11. [11] ശ്രീ. മണിമംഗലത്ത് കുട്ട്യാലി :
,, സ്റ്റീഫൻ പാട്ടുവ :
,, കെ. മുഹമ്മദാലി :
,, ടി.എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യത്തൊഴിലാളികൾക്ക് അപകട മരണം സംഭവിച്ചാൽ എന്തെല്ലാം സഹായങ്ങളാണ് ഗവൺമെൻറ് നൽകി വരുന്നത് ;

(ബി) ഇവ നൽകാൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ;

(സി) അപകട സാദ്ധ്യത കൂടുതലുള്ള സമുദ്ര മൽസ്യ ബന്ധന മേഖലയിലെ മൽസ്യത്തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ കൂടുതൽ സഹായം നൽകുന്നുണ്ടോ. ;

(ഡി) ഇല്ലെങ്കിൽ ഈ വസ്തുത പരിഗണിച്ച് കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) മൽസ്യത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടമരണത്തിരയായ മൽസ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് പതിനയ്യായിരം രൂപ നൽകിവരുന്നു.

(ബി) 1. മൽസ്യത്തൊഴിലാളി ആയിരിക്കണം .

2. ഏതെങ്കിലും അപകടംമൂലം മരണം സംഭവിച്ചാലേ ആനുകൂല്യം ലഭിക്കുകയുള്ളൂ.

3. അപകടം ഏത് അവസരത്തിൽ എവിടെവച്ച് എങ്ങനെ സംഭവിച്ചാലും ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും.

(സി) ഇല്ല.

(ഡി) ഇന്ന്. നൽകി വരുന്ന ആനുകൂല്യം പര്യാപ്തമായതിനാൽ ഈ ആവശ്യം പരിഗണിക്കാൻ സാദ്ധ്യമല്ല.

പാലാഴി കേന്ദ്രത്തിലെ അയിത്താചരണം

* 12. [12] ശ്രീ.എം.കെ. കേശവൻ :
,, കെ.റ്റി.കുമാരൻ :
,, വി.കെ. രാജൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കുമാരൻ :

,, കെ.പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലാഴി ക്ഷേത്രത്തിൽ അതിന്റെ ഭാരവാഹികളും ഇപ്പോഴും അയിത്തം ആചരിച്ചുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിയമാനുസരണം അവരുടെമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) പാലാഴി (ശ്രീ. ധർമ്മശാസ്താ ക്ഷേത്രത്തിൽ അതിന്റെ ഭാരവാഹികളും ഇപ്പോഴും അയിത്തം ആചരിക്കുന്നില്ല.

(ബി) ഉദിക്കുന്നില്ല.

പാൽ വിതരണം

* 13. [13] ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

,, കെ.എസ് നാരായണൻ നമ്പൂതിരി :

,, കെ.കെ. ശ്രീനിവാസൻ :

,, രാഘവൻ പൊഴക്കടവിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിവിധ ഡയറികളിൽകൂടി പ്രതിദിനം എത്ര ലിറ്റർ പാൽ വിതരണം നടത്തുന്നുണ്ട് ;

(ബി) ഓരോ ജില്ലയിലും എത്ര ലിറ്റർ പാൽ വീതം ;

(സി) ഈയിടെ അനുഭവപ്പെടുന്ന പാൽ ക്ഷാമത്തിന് കാരണമെന്ത് ;

(ഡി) ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്) :

(എ) പ്രതിദിനം 1,40,500 ലിറ്റർ പാൽ വിതരണം നടത്തുന്നുണ്ട്.

(ബി)

തിരുവനന്തപുരം	—	44100 ലിറ്റർ
കൊല്ലം	—	8200 ,,
ആലപ്പുഴ	—	9200 ,,
കോട്ടയം	—	7200 ,,
എറണാകുളം	—	41500 ,,
പാലക്കാട്	—	12300 ,,
കണ്ണൂർ	—	18000 ,,

(സി) പഞ്ഞ മാസങ്ങളിലുള്ള പാൽ ഉൽപ്പാദനം ഈ വർഷം കുറവായിരുന്നു.

(ഡി) കർണ്ണാടകത്തിൽ നിന്നും തമിഴ് നാട്ടിൽ നിന്നും പാൽ വരുത്തികൊണ്ടിരിക്കുന്നു.

വിമാനക്കൂലി കുറയ്ക്കാൻ നടപടി

* 14. [14] ശ്രീ. ജി. കാർത്തികേയൻ :

,, കെ.സി. ജോസഫ് :

,, ഉമ്മൻ ചാണ്ടി :

LIBRARY ARCHIVES Kerala Legislative Assembly